Uncorrected/Not for publication
17-09-2025

**നിയമനിർമ്മാണകാര്യം ........ തുടർച്ച**

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഇവിടെ അവതരിപ്പിച്ച ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ മൂന്ന് വകുപ്പുകൾക്കുള്ള ഭേദഗതിയാണ്. ഇതുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട അംഗം പി. പി. ചിത്തരഞ്ജൻ ക്രിയാത്മകമായ നിർദേശങ്ങൾ വച്ചുകൊണ്ടും അതോടൊപ്പം ദേവസ്വം ബോർഡിന്റെ പ്രവർത്തനങ്ങളുടെ പൊതുവായ കാര്യങ്ങളെക്കുറിച്ചും ചർച്ച ചെയ്യുകയുണ്ടായി. ഗുരുവായൂർ ദേവസ്വത്തിന്റെ വിവിധ തരത്തിലുള്ള വികസനങ്ങൾക്കാവശ്യമായ നടപടികൾ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ടെന്നാണ് സൂചിപ്പിക്കാനുള്ളത്. 13 വർഷക്കാലമായി മുടങ്ങിക്കിടന്നിരുന്ന പാഞ്ചജന്യം ഗസ്റ്റ് ഹൗസ് ഏതാണ്ട് 10.5 കോടി രൂപ മുടക്കി ഈ കാലയളവിൽ പൂർത്തീകരിച്ച് ഉദ്ഘാടനം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. മറ്റൊന്ന്, 46 കോടി രൂപയുടെ ഒരു ഷോപ്പിങ് കോംപ്ലക്സ് ഇപ്പോൾ ongoing project ആണ്. 11.21 കോടി രൂപയുടെ Robotic car parking സൗകര്യം ഏർപ്പെടുത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ച് നിർമ്മാണ പ്രവൃത്തികൾ നടന്നുവരികയാണ്. കെ.എസ്.ആർ.ടി.സി. ബസ്

സ്റ്റേഷനുമായി ബന്ധപ്പെട്ട ദേവസ്വം റോഡ് 2 കോടിയിൽപ്പരം രൂപമുടക്കി വലിയ രീതിയിൽ പുനരുദ്ധരിച്ചു കഴിഞ്ഞിരിക്കുന്നു. അതോടൊപ്പം, വിവിധ തലത്തിലുള്ള പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുകഴിഞ്ഞു. ഇതിനെല്ലാം പുറമേ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഭാവിയിൽ അവിടെ ദർശനത്തിന് എത്തിച്ചേരുന്ന എല്ലാ ഭക്തജനങ്ങൾക്കും ദർശനം പൂർണമായും ഉറപ്പാക്കാൻ കഴിയുന്ന രൂപത്തിൽ ഇനിയും പശ്ചാത്തല സൗകര്യങ്ങൾ വികസിപ്പിക്കണമെന്നുള്ള കാര്യത്തിൽ തർക്കമില്ല. അതിനുവേണ്ടി ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയോട് ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ നിർദേശിച്ചിട്ടുണ്ട്. അതുപോലെ L&T (Larsen & Toubro Limited)-യുമായി ബന്ധപ്പെട്ട് മറ്റൊരു മാസ്റ്റർ പ്ലാൻ തയ്യാറാക്കാനും നിർദേശം നൽകിയിട്ടുണ്ട്.

<u>ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ</u>: സർ, ഞാൻ ഈ ചർച്ചയിൽ പങ്കെടുക്കേണ്ടയാളായിരുന്നു. പക്ഷേ സമയക്രമം സംബന്ധിച്ച തെറ്റിദ്ധാരണയുണ്ടായതുകൊണ്ട് പങ്കെടുക്കാൻ സാധിച്ചില്ല. ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബില്ലുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഈയവസരം വിനിയോഗിക്കുകയാണ്. ഒന്ന്,

നിലവിൽ ഗുരുവായൂർ ദേവസ്വം ഭരണസമിതിയുടെ കാലാവധി കേവലം രണ്ടുവർഷം മാത്രമാണ്. വളരെ ചുരുങ്ങിയ ഒരു കാലാവധികൊണ്ട് ഒരു ഭരണസമിതിക്ക് ദീർഘവീക്ഷണത്തോടെ ക്രിയാത്മകമായ വികസനകാര്യങ്ങളോ ഭക്തരുടെ ക്ഷേമത്തിനുവേണ്ടിയുള്ള കാര്യങ്ങളോ നടപ്പിലാക്കാൻ കഴിയുന്നില്ല. അതുകൊണ്ട് ഭരണസമിതിയുടെ കാലാവധി മൂന്നോ നാലോ വർഷമായി ദീർഘിപ്പിക്കാൻ കഴിയുമോയെന്ന് പരിശോധിക്കാമോ? മറ്റൊന്ന്, ക്ഷേത്രവുമായി ബന്ധപ്പെട്ട മരാമത്തുപണികളിലും മറ്റും ദേവസ്വം ഭരണസമിതിക്ക് നേരിട്ട് കേവലം അമ്പതിനായിരം രൂപയിൽ താഴെയുള്ള തുകകൾ മാത്രമാണ് വിനിയോഗിക്കാൻ അധികാരമുള്ളത്. അതിൽക്കൂടുതൽ തുകയുടെ നിർമ്മാണ പ്രവർത്തനങ്ങളും മറ്റും നടപ്പിലാക്കണമെങ്കിൽ ദേവസ്വം കമ്മീഷണറിൽനിന്നുള്ള അനുവാദം വാങ്ങേണ്ടതുണ്ട്. ഇക്കാരണത്താൽ ത്വരിതഗതിയിൽ നടപ്പിലാക്കേണ്ട പല വികസന പ്രവർത്തനങ്ങളും തടസ്സപ്പെടുന്ന സാഹചര്യമുണ്ട്. ഇക്കാര്യങ്ങൾകൂടി പരിശോധിച്ച് പരിഹാരം കാണാനുള്ള നടപടികൾ സ്വീകരിക്കണമെന്ന് ആവശ്യപ്പെടുകയാണ്.

ശ്രീ. വി. എൻ. വാസവൻ: ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച രണ്ടു

കാര്യങ്ങളിൽ ഒന്നിന് ഇപ്പോൾതന്നെ നിർദേശമായിട്ടുണ്ട്. മരാമത്തുപണികൾക്കായി 5000/- രൂപവരെയാണ് ചെലവഴിക്കാനുള്ള അധികാരമുള്ളത്. നിലവിൽ അത് 50,000/- രൂപയായി വർധിപ്പിച്ചിട്ടുണ്ട്. അതാണ് ഒരു ഭേദഗതി. ദേവസ്വം ഭരണസമിതിയുടെ കാലാവധിയെ സംബന്ധിച്ച പരിഗണന ഇക്കൂട്ടത്തിലില്ല. അത് ഭാവിയിൽ പരിശോധിക്കാവുന്നതാണ്.

ഗുരുവായൂർ ക്ഷേത്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിനുവേണ്ടി ടെൻഡർ വിളിച്ച് ഏജൻസികളെ ഏൽപ്പിച്ചുകഴിഞ്ഞു. ബഹുമാനപ്പെട്ട പി.പി. ചിത്തരഞ്ജൻ സൂചിപ്പിച്ച അഭിപ്രായം ഞങ്ങൾ പരിഗണയ്ക്കെടുക്കുകയും ദേവസ്വം ബോർഡിനെക്കൊണ്ട് അത്തരത്തിൽ നടപടി സ്വീകരിക്കുകയും ചെയ്തുകഴിഞ്ഞു എന്ന കാര്യവും ഇവിടെ സൂചിപ്പിക്കുകയാണ്. ആഗോള അയ്യപ്പ സംഗമത്തിന്റെ ഉള്ളടക്കവുമായി ബന്ധപ്പെട്ട ചില കാര്യങ്ങൾ അദ്ദേഹം സൂചിപ്പിക്കുകയുണ്ടായി. എല്ലാവർക്കും അറിയാവുന്നതുപോലെ ശബരിമല ഒരു ആഗോള തീർത്ഥാടന കേന്ദ്രമാക്കി മാറ്റാനുള്ള പരിശ്രമത്തിന്റെ ഭാഗമായി തിരുവിതാംകൂർ ദേവസ്വം ബോർഡ് അതിന്റെ

പ്ലാറ്റിനം ജൂബിലിയുമായി ബന്ധപ്പെട്ട് ഒരു ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇത് ഒരു വർഷം മുമ്പെടുത്ത തീരുമാനമാണ്. അതിന്റെയടിസ്ഥാനത്തിൽ ഈ സെപ്റ്റംബർ 20-ാം തീയതി ആഗോള അയ്യപ്പ സംഗമം പമ്പയിൽവച്ച് സംഘടിപ്പിക്കുകയാണ്. ലോകത്തിന്റെയും ഇന്ത്യയുടെയും നാനാഭാഗത്തുനിന്നുള്ള പ്രതിനിധികളും മുൻപ് ഇവിടെ വന്നുപോയിട്ടുള്ളവരും പങ്കെടുക്കുന്നുണ്ട്. അതിന് പ്രത്യേകമായ നോംസുണ്ടാക്കി വിവിധ സംഘടനകളുമായി ബന്ധപ്പെട്ട് പ്രതിനിധികളെ തിരഞ്ഞെടുത്ത്, മൂവായിരം പേർ പങ്കെടുക്കുന്ന ഒരു അയ്യപ്പ സംഗമമാണ് സംഘടിപ്പിക്കാൻ തീരുമാനിച്ചിരിക്കുന്നത്. അയ്യായിരത്തിൽപ്പരം ആളുകൾ ഇതിനകം രജിസ്റ്റർ ചെയ്തുകഴിഞ്ഞു. നോംസിന് വിധേയമായി പങ്കെടുക്കുന്നവരുടെ എണ്ണം മൂവായിരം ആയി പരിമിതപ്പെടുത്തണമെന്നാണ് ബോർഡിന്റെ തീരുമാനം. അതിന്റെ മാനദണ്ഡങ്ങൾ ഇതിനകം പരസ്യപ്പെടുത്തിക്കഴിഞ്ഞു. അതിൽ പ്രധാനമായി ലക്ഷ്യം വയ്ക്കുന്നത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, ശബരിമലയുടെ ഭാവി വികസനവുമായി ബന്ധപ്പെട്ട് തിരുവനന്തപുരം എഞ്ചിനീയറിങ് കോളേജ് തയ്യാറാക്കിയ ഒരു മാസ്റ്റർ പ്ലാൻ ആണ്. 778 കോടി രൂപയുടെ

വികസനപ്രവർത്തനങ്ങൾ സന്നിധാനത്തിൽ മൂന്ന് ഘട്ടങ്ങളിലായും ഏതാണ്ട് 200 കോടിയിൽപ്പരം രൂപയുടേത് പമ്പയിലും ഏതാണ്ട് ആയിരത്തിൽപ്പരം കോടി രൂപ ആകെ വരുന്നതിൽ ബാക്കിയുള്ളത് നിലയ്ക്കലിലുമായിട്ടുള്ള വികസനപ്രവർത്തനങ്ങളാണ് നിർദേശിക്കപ്പെട്ടിട്ടുള്ളത്. ആ മാസ്റ്റർ പ്ലാൻ സംസ്ഥാനത്തെ ക്യാബിനറ്റ് അംഗീകരിച്ചു. നേരത്തെ സംസ്ഥാന സർക്കാർ മുൻകൈയെടുത്ത് ഏകദേശം 146 കോടി രൂപയുടെ വികസന പ്രവർത്തനങ്ങൾ കിഫ്ബി പദ്ധതിവഴി എരുമേലിയിലും നിലയ്ക്കലും കഴക്കൂട്ടത്തും ആറ്റിങ്ങലും ചെങ്ങന്നൂരും ഉൾപ്പെടെയുള്ള പ്രദേശങ്ങളിൽ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. അതിൽ നിലയ്ക്കലിൽ ഉദ്ഘാടനം കഴിഞ്ഞു. എരുമേലിയിലേത് ഏകദേശം പൂർത്തിയായി ക്കൊണ്ടിരിക്കുകയാണ്. ബാക്കിയുള്ളത് ഓൺഗോയിങ് പ്രോജക്ടാണ്. ഇതെല്ലാം ചേർത്തുകൊണ്ടാണ് ഭാവിവികസനത്തിനുള്ള കാഴ്ചപ്പാട് മുന്നോട്ടുവയ്ക്കുന്നത്. ശബരിമലയിൽ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് ഭാവിയിൽ പശ്ചാത്തലസൗകര്യം ഒരുക്കുന്നതിന്റെ ഭാഗമായി എയർപോർട്ട് വരാൻപോവുകയാണ്. അതിന് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ചെയ്യേണ്ട എല്ലാ കാര്യങ്ങളും ചെയ്തുകഴിഞ്ഞു. നിലവിൽ ഭൂമി ഏറ്റെടുക്കൽ

പ്രക്രിയയ്ക്കുള്ള സർവെ ആരംഭിച്ചുകഴിഞ്ഞു. മണിമല, എരുമേലി തെക്ക് വില്ലേജുകളിലായി ഭൂമി ഏറ്റെടുക്കൽ പ്രക്രിയ നടന്നുകൊണ്ടിരിക്കുകയാണ്. ഇതുകൂടാതെ, ശബരിമല എയർപോർട്ട് യാഥാർത്ഥ്യമാക്കുന്നത് കേന്ദ്ര സർക്കാരുമായി ചർച്ച ചെയ്ത് ധാരണയിലെത്തിയിരിക്കുന്നു. ഇത്തരം പശ്ചാത്തല സൗകര്യങ്ങളെല്ലാമൊരുക്കിയും വികസനത്തിന്റെ കാര്യങ്ങൾ നടപ്പാക്കിയും ശബരിമല മുന്നോട്ടുവരുന്ന ഈ കാലഘട്ടത്തിൽ അവിടെ എത്തിച്ചേരുന്ന ഭക്തജനങ്ങൾക്ക് എന്തെല്ലാം തരത്തിലുള്ള ബുദ്ധിമുട്ടുകളുണ്ടാകുന്നു, ഭാവിയിൽ ഒരുക്കേണ്ട സൗകര്യങ്ങൾ എന്തൊക്കെയാണ് എന്നതിനെക്കുറിച്ച് അവരുടെ അഭിപ്രായങ്ങൾ ആരായാനും ക്രിയാത്മക നിർദേശങ്ങൾ സ്വീകരിക്കാനും സൗകര്യമൊരുക്കുന്ന രൂപത്തിലാണ് ആഗോള അയ്യപ്പ സംഗമം സംഘടിപ്പിക്കുന്നത്.

മറ്റൊന്ന്, ഒരു ആഗോള തീർത്ഥാടന കേന്ദ്രമായി ശബരിമല മാറുമ്പോഴുണ്ടാകുന്ന ക്രൗഡ് മാനേജ്മെന്റ് എങ്ങനെ പരിഹരിക്കാമെന്നുള്ളതാണ്. അതുൾപ്പെടെയുള്ള കാര്യങ്ങൾ ചർച്ച ചെയ്യാൻ ഈ സംഗമത്തിൽ പ്രത്യേക സെഷനുകളായി ചേരുന്നതാണ്.

ശബരിമലയിൽ പോകുമ്പോൾ ശ്രീകോവിലിന്റെ കവാടത്തിൽ എഴുതിയിട്ടുള്ള മനോഹരമായ സന്ദേശം 'തത്ത്വമസി' അഥവാ 'അത് നീ ആകുന്നു' എന്നാണ്. ലോകത്ത് ഒരു ആരാധനാലയത്തിന്റെയും മുമ്പിൽ ഇങ്ങനെയൊരു വാചകമില്ല. അവിടെ ഭഗവാനും ഭക്തനും തമ്മിൽ വ്യത്യാസമില്ല. അവിടെ എത്തിച്ചേരുന്ന എല്ലാ ഭക്തജനങ്ങളെയും അറിയപ്പെടുന്നത് അയ്യപ്പൻ എന്നാണ്. ഭഗവാൻ അയ്യപ്പനും ക്ഷേത്രത്തിൽ വരുന്ന അയ്യപ്പനും തമ്മിൽ വ്യത്യാസമില്ലെന്ന ചിന്ത വിശ്വമാനവികതയുടെ സന്ദേശമാണ്. അത് ലോകത്തെമ്പാടുമുള്ള അയ്യപ്പഭക്തന്മാർ ഉയർത്തിപ്പിടിക്കുമ്പോൾ ഒരു ആഗോള തീർത്ഥാടന കേന്ദ്രം അല്ലെങ്കിൽ പിൽഗ്രിം ടൂറിസ്റ്റ് സെന്ററായി ഭാവിയിൽ ശബരിമല മാറിത്തീരാനുള്ള വിപുലവും വിശാലവുമായ വീക്ഷണമാണ് ആഗോള അയ്യപ്പ സംഗമത്തിന്റെ ലക്ഷ്യം. നിർഭാഗ്യവശാൽ ചിലയാളുകൾക്ക് ഈ കാര്യങ്ങളിൽ വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. ഇതിൽ വിവാദമുണ്ടാക്കേണ്ട കാര്യമില്ല. ഈ സർക്കാരിനെ സംബന്ധിച്ചിടത്തോളം വിശ്വാസം സംരക്ഷിച്ചുകൊണ്ട് വിശ്വാസികളുടെ ഇംഗിതത്തിനനുസരിച്ച് തത്ത്വമസി എന്ന ആശയം മുൻനിർത്തിക്കൊണ്ടുതന്നെ ഒരു ആഗോള തീർത്ഥാടന കേന്ദ്രമാക്കി

ശബരിമലയെ മാറ്റിയെടുക്കുക എന്ന കാഴ്ചപ്പാട് തന്നെയാണ് ആഗോള അയ്യപ്പ സംഗമം മുന്നോട്ടുവയ്ക്കുന്നത്. അതിനുള്ള ക്രമീകരണങ്ങൾ പൂർത്തിയായിട്ടുണ്ട്. നാളെ അതിന്റെ ഫൈനൽ മീറ്റിങ് പമ്പയിൽവച്ച് നടക്കുകയാണ്. അതിൽ തിരഞ്ഞെടുക്കപ്പെടുന്ന മൂവായിരം പ്രതിനിധികളാണ് അയ്യപ്പ സംഗമത്തിൽ പങ്കെടുക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി അത് ഉദ്ഘാടനം ചെയ്യും. വിവിധ സംസ്ഥാനങ്ങളിലെ വി.ഐ.പി.-കളും മന്ത്രിമാരുൾപ്പെടെയുള്ളവർ പങ്കെടുക്കുമെന്ന് അറിയിച്ചിട്ടുണ്ട്. അതെല്ലാം സംബന്ധിച്ച വിശദാംശങ്ങൾ നാളെ ചേരുന്ന യോഗത്തിൽ കൃത്യമായി മാധ്യമങ്ങളിലൂടെയും മറ്റും എല്ലാവരെയും അറിയിക്കുന്നതാണ്. ആഗോള അയ്യപ്പ സംഗമം കൊണ്ടുദ്ദേശിക്കുന്ന ഉള്ളടക്കം ഇതാണെന്ന് ബഹുമാനപ്പെട്ട അംഗത്തെ ഞാൻ അറിയിക്കുകയാണ്.

മറ്റ് ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട വികസനത്തെക്കുറിച്ച് അദ്ദേഹം പറയുകയുണ്ടായി. ഈ കാലഘട്ടത്തിൽ പ്രധാനപ്പെട്ട ആചാരാനുഷ്ഠാനങ്ങളെല്ലാം പാലിച്ചുകൊണ്ടുതന്നെയാണ് ക്ഷേത്രങ്ങളിൽ ഉത്സവങ്ങൾ നടന്നിട്ടുള്ളത്. കഴിഞ്ഞ തവണ മകരവിളക്കിനും മണ്ഡല

മഹോത്സവത്തിനും ഏകദേശം 5360000 പേർ ശബരിമലയിൽ പങ്കെടുത്തു. ഒരു പരാതിരഹിത തീർത്ഥാടന കാലഘട്ടമായിരുന്നു പിന്നിട്ടത്. എല്ലാ മാസവും ഒന്നാം തീയതി വന്നുപോകുന്ന തീർത്ഥാടകർക്ക് കൃത്യമായി ദർശനം ഉറപ്പാക്കുന്നുണ്ട്. അത് സംസ്ഥാന സർക്കാരിന്റെ എല്ലാ വകുപ്പുകളും തിരുവിതാംകൂർ ദേവസ്വം ബോർഡും തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളും ജനപ്രതിനിധികളുമെല്ലാം ചേർന്ന് നടത്തിയ ഒരു ടീം വർക്കിന്റെ നെറ്റ് റിസൾട്ടാണ്. ഈ വർഷവും മണ്ഡല മകരവിളക്ക് മഹോത്സവക്കാലത്ത് എല്ലാ മുൻകരുതലോടുകൂടിയും പ്രവർത്തിക്കാൻ യോഗങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിനുശേഷം നടന്ന ഏറ്റവും പ്രധാനപ്പെട്ട മറ്റൊരു ആഘോഷമാണ് ആറ്റുകാൾ പൊങ്കാല. പത്തിരുപത് ലക്ഷത്തോളം സ്ത്രീകളുൾപ്പെടെ പങ്കെടുത്ത വലിയൊരു ഉത്സവമാണത്. ഒരു പരാതിയുമില്ലാതെയാണ് അത് നടന്നത്. അതിനുശേഷം നടന്ന തൃശ്ശൂർ പൂരത്തിൽ സർക്കാർ കൃത്യമായി ഇടപെട്ട് എല്ലാ സൗകര്യങ്ങളും സഹായവും ഒരുക്കിയതിന്റെ ഭാഗമായി ഇത്തവണ ഒരു പരാതിയുമില്ലാതെയാണ് തൃശ്ശൂർ പൂരം സംഘടിപ്പിച്ചത്. നിലവിൽ മലബാർ, കൊച്ചിൻ, തിരുവിതാംകൂർ, ഗുരുവായൂർ, കൂടൽമാണിക്യം എന്നിങ്ങനെ അഞ്ച് ദേവസ്വം ബോർഡുകളാണ് കേരളത്തിലുള്ളത്. ഈ

ദേവസ്വം ബോർഡുകളുടെയെല്ലാം പ്രവർത്തനങ്ങൾ ഏകോപിപ്പിച്ചുകൊണ്ട് ഭാവിയിൽ നമ്മുടെ സംസ്ഥാനത്തെ പ്രശസ്തമായ ക്ഷേത്രങ്ങളിലെല്ലാം അവർക്ക് ആരാധന നടത്താൻ കഴിയുംവിധം വിവിധ ക്ഷേത്ര ഭരണസമിതികളുമായി ബന്ധപ്പെട്ട് ഒരു ടൂറിസം പാക്കേജ് രൂപീകരിക്കാൻ ഈ അഞ്ച് ദേവസ്വം ബോർഡുകളുടെ പ്രസിഡന്റുമാരും വകുപ്പും ചേർന്ന് ആലോചിച്ചിട്ടുണ്ട്. കെ.എസ്.ആർ.ടി.സി.-യുമായി ചർച്ച ചെയ്ത് ഭാവിയിൽ ഗതാഗത സംവിധാനംകൂടി നടപ്പിലാക്കാനുള്ള നീക്കത്തിലേക്ക് വരുന്നു എന്ന കാര്യംകൂടി ഈ സന്ദർഭത്തിൽ സൂചിപ്പിക്കുന്നു.

ചീഫ് വിപ്പ് (ഡോ. എൻ. ജയരാജ്): ഗുരുവായൂർ ദേവസ്വവുമായി ബന്ധപ്പെട്ട ഒരു ബില്ലായതുകൊണ്ടാണ് ഇടപെട്ടത്. ശബരിമലയിലെ തീർത്ഥാടനം സീസണലാണ്, എന്നാൽ 365 ദിവസവും തീർത്ഥാടകപ്രവാഹമുള്ള കേരളത്തിലെ ഏറ്റവും പ്രമുഖമായ ക്ഷേത്രമാണ് ഗുരുവായൂർ. ഗുരുവായൂർ ക്ഷേത്രത്തിന്റെ ചുറ്റുമുള്ള സ്ഥലം വളരെ കുറവാണ്. ശരാശരി 400 വിവാഹങ്ങൾ വരെ അവിടെ നടക്കാറുണ്ട്. അവിടെ അതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കിയെങ്കിലും പിന്നീട് അതുമായി മുന്നോട്ടുപോയില്ലെന്നാണ് മനസ്സിലാക്കുന്നത്. രണ്ടാമത്തെ വിഷയം,

ഇവിടെ ടൂറിസത്തിന്റെ കാര്യം അങ്ങ് സൂചിപ്പിച്ചു. കേരളത്തിൽ ടൂറിസ്റ്റുകളെ ആകർഷിക്കാവുന്ന ഏറ്റവും മനോഹരമായ സ്ഥലമാണ് നാൽപ്പത്തിമൂന്നോളം ആനകളുള്ള ഗുരുവായൂർ ദേവസ്വത്തിന്റെ ആനക്കോട്ട. മലയാളത്തിലെ പല ചലച്ചിത്രങ്ങളും അവിടെ ചിത്രീകരിച്ചിട്ടുണ്ട്. അവിടെ നിലവിൽ അതിനുള്ള സംവിധാനമില്ല. ദേവസ്വത്തിന് വിശാലമായ സ്ഥലമുണ്ടെങ്കിലും അത് നല്ലരീതിയിൽ പ്രയോജനപ്പെടുത്തുന്നില്ല. അതിന് സ്പോൺസർമാർ തയ്യാറായിവരാനുണ്ട്. മറ്റൊന്ന്, ഗുരുവായൂർ ദേവസ്വത്തിന് 1500-ഓളം പശുക്കളുണ്ട്. അതിന് മികച്ച ഒരു മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത് ഉചിതമായിരിക്കും.

<u>ശ്രീ. എം. വിജിൻ</u>: സർ, ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട ഒരു വിഷയമാണ് പറയാനുള്ളത്. ഉത്തരകേരളത്തിലെ ക്ഷേത്രങ്ങളിൽ ആചാരസ്ഥാനീയരുടെ ആനുകൂല്യങ്ങൾ ലഭ്യമാകുന്നുണ്ട്. എന്നാൽ പുതുതായി നിയമിക്കപ്പെട്ട ആചാരസ്ഥാനീയരുടെ ആനുകൂല്യങ്ങളുമായി ബന്ധപ്പെട്ട് ചില പ്രയാസങ്ങൾ നിലനിൽക്കുന്നുണ്ട്. അത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? അത് എത്രയുംവേഗം പരിഹരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം.

ശ്രീ. വി. എൻ. വാസവൻ: സർ, ബഹുമാനപ്പെട്ട ചീഫ് വിപ്പ് ഇവിടെ സൂചിപ്പിച്ച കാര്യത്തിന് ഞാൻ നേരത്തെ മറുപടി നൽകിയിരുന്നു. അങ്ങ് അത് കേൾക്കാഞ്ഞിട്ടാണ്. ഇക്കാര്യത്തിൽ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനായി ULCC-യെയും L&T-യെയും ക്വട്ടേഷൻ ക്ഷണിച്ചുകൊണ്ട് ചുമതലപ്പെടുത്തി. അതിന്റെ മാസ്റ്റർ പ്ലാൻ തയ്യാറാക്കിക്കൊണ്ടിരിക്കുകയാണ്. ഇന്ന് 400 വിവാഹം വരെ നടക്കുന്ന സ്ഥലത്ത് അതിനുള്ള സ്ഥലപരിമിതിയുണ്ടെന്നുള്ളത് യാഥാർഥ്യമാണ്. അത്തരം കാര്യങ്ങൾ പരിഗണിച്ചും എത്തിച്ചേരുന്ന മുഴുവൻ ഭക്തർക്കും ദർശനം ഉറപ്പാക്കാനും കഴിയുന്ന വിധത്തിലുള്ള സൗകര്യം ഉറപ്പാക്കാനുംവേണ്ടിയാണ് ഇപ്പോൾ ഈ മാസ്റ്റർ പ്ലാൻ തയ്യാറാക്കാൻ പറഞ്ഞിരിക്കുന്നത്. അത് സമീപകാല ഭാവിയിൽ നടക്കും. ഇപ്പോൾ 43 ആനകളില്ല, 39 ആനകളാണുള്ളത് എന്നാണ് അങ്ങ് സൂചിപ്പിച്ച രണ്ടാമത്തെ കാര്യത്തെക്കുറിച്ച് എനിക്ക് പറയാനുള്ളത്. 39 ആനകളെയും പരിപാലിക്കാൻവേണ്ടിയുള്ള സൗകര്യങ്ങൾ കുറവായിരുന്നത് ഈ അടുത്തകാലത്തായി പരിഹരിച്ചു. 10 തറികളുടെ ആവശ്യകതകൂടിയുണ്ടായിരുന്നു. അത് ഒരാൾ സ്പോൺസർ ചെയ്തു. അത് ഞാൻ ഉദ്ഘാടനം ചെയ്തുവെന്ന സന്തോഷവാർത്തകൂടി അങ്ങയെ

അറിയിക്കുകയാണ്. ചെന്നൈയിൽനിന്ന് വന്ന ഒരു ഭക്തൻ ഹൈടെക്ക് ഗോശാല പണിയുന്നതിനായി അഞ്ചരകോടി രൂപയും 65 പശുക്കളും കൂടി തന്നു. അതിപ്പോൾ ഗുരുവായൂരിൽ കൃത്യമായി നടപ്പാക്കി. പശുക്കളുടെ ചാണകം വാരാനും, കറക്കാനും, അതുപോലെ തീറ്റക്കാരനുമൊക്കെ എ.സി. റൂമാണ്. എല്ലാ സൗകര്യങ്ങളോടുകൂടിയാണ് ഗോശാല അവിടെ നിർമ്മിച്ചിരിക്കുന്നത്. രണ്ട് വർഷത്തെ മെയിന്റനൻസ് അവർ ഉറപ്പുനൽകിയിട്ടുണ്ട്. ഇതുകൂടാതെ 56 കോടി രൂപ മുടക്കി മൾട്ടി സ്പെഷ്യാലിറ്റി ആശുപത്രി നിർമ്മിക്കാൻവേണ്ടി ശിലാസ്ഥാപനം നടത്തിയിട്ടുണ്ട്. അതും ഉടൻ പ്രാവർത്തികമാകും. ചില കാര്യങ്ങൾ ഞാൻ ഇവിടെ വിശദീകരിച്ചിരുന്നു. അതിൽ കുറെകാര്യങ്ങൾ ഇപ്പോൾ നടന്നുകൊണ്ടിരിക്കുകയാണ്. ബാക്കിയുള്ളത് നടപ്പാക്കുമെന്നുള്ള കാര്യം സൂചിപ്പിക്കുകയാണ്. ഇവിടെ ബഹുമാനപ്പെട്ട അംഗം ശ്രീ. എം. വിജിൻ സൂചിപ്പിച്ച ആചാര്യസ്ഥാനീയരുടെയും കോലധാരികളുടെയും വിഷയം പരിഗണിക്കപ്പെട്ടു. ബഹുമാനപ്പെട്ട അംഗം ശ്രീ. എം. രാജഗോപാലൻ ഇക്കാര്യം നേരത്തെ സഭയിൽ ഉന്നയിച്ചതാണ്. അതിൽ കുറെ പ്രശ്നങ്ങൾ പരിഹരിച്ചു. വർധിപ്പിച്ച് കൊടുക്കാനുള്ളതിൽ കുറച്ച് ഇപ്പോൾ കൊടുത്തു.

അവശേഷിക്കുന്ന പ്രശ്നം പരിശോധിച്ചുകൊണ്ടിരിക്കുകയാണെന്നുള്ള കാര്യമാണ് സൂചിപ്പിക്കാനുള്ളത്.

ശ്രീമതി ശാന്തകുമാരി കെ.: മലബാർ പ്രദേശവുമായി ബന്ധപ്പെട്ടാണ് സൂചിപ്പിക്കാനുള്ളത്. ഒളപ്പമണ്ണ പോലെയുള്ള ദേവസ്വം ബോർഡുകൾ ഇപ്പോഴും 'സി' ക്ലാസ്സിൽത്തന്നെ നിലനിർത്തുകയാണ്. അവർ മുകളിലോട്ട് പോകുന്നില്ല. അവിടത്തെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നില്ല. അമ്പലത്തിൽ ചന്ദ്രൻ എന്നയാൾ മരണപ്പെട്ട് എന്നൊരു വാർത്ത ഈ അടുത്തകാലത്തുണ്ടായി. ഗവൺമെന്റിനെയും ദേവസ്വംവകുപ്പിനെയുമൊക്കെ എതിരാകുന്ന രീതിയിലാണ് വാർത്ത പ്രചരിച്ചത്. ചില അമ്പലങ്ങളിലെ ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നതുൾപ്പെടെയുള്ള ഉത്തരവാദിത്വങ്ങളിൽനിന്ന് അവർ മാറി നിൽക്കുകയും അതിന്റെ ഭാഗമായി പലപ്പോഴും ഈ ക്ലാസുയർത്തുന്നതിനുവേണ്ടി നടപടി സ്വീകരിക്കുന്നില്ല. അത്തരം കാര്യങ്ങൾക്കൊക്കെ ഓഡിറ്റ് നടത്തി, വരുന്ന വരുമാനം കൃത്യമായി നിർണ്ണയിക്കാനുള്ള നിർദേശങ്ങളെന്തെങ്കിലും പ്രസ്തുത ബില്ലിൽ ഉൾപ്പെടുത്തുമോ?

ചെയർപേഴ്സൺ: ഒരു ബില്ലുകൂടി പരിഗണിക്കാനുള്ളതാണ്.

ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ: ഈ ഭക്തന്മാർക്ക് വരാനും പോകാനുമുള്ള സൗകര്യത്തിന് പ്രശ്നമുണ്ട്. അതുകൊണ്ട് നേരത്തെ

സർക്കാരിന്റെ മുമ്പിൽ ഒരു പ്ലാനുണ്ടായിരുന്നു. ഗുരുവായൂർ അമ്പലത്തിലേക്ക് റെയിൽപ്പാതയുണ്ടാക്കുക എന്നുള്ള പ്ലാനായിരുന്നു. അത് യഥാർഥത്തിൽ ബില്ലിൽ വന്നില്ലെങ്കിലും അത് വളരെ പ്രധാനപ്പെട്ടതാണെന്ന് കരുതുക.

ശ്രീ. വി. എൻ. വാസവൻ: സർ, മലബാർ ദേവസ്വം ബോർഡിന്റെ കീഴിലുള്ള ഈ പ്രശ്നം ബഹുമാനപ്പെട്ട അംഗം ഇവിടെ സൂചിപ്പിച്ചത്, ജീവനക്കാർക്ക് ശമ്പളം കൊടുക്കുന്നത് ദേവസ്വം ബോർഡാണ്. അതിനുള്ള നേരിട്ടുള്ള ഉത്തരവാദിത്വം സർക്കാരിനല്ല. മലബാർ ദേവസ്വം ബോർഡിന് ഗ്രാന്റ് കൊടുക്കുകയാണ് ഗവൺമെന്റ് ചെയ്യുന്നത്. അത് അവിടെ പരിഹരിക്കപ്പെടാതെയുണ്ടെങ്കിൽ ആ ബോർഡുമായി സംസാരിക്കാം. അതോടൊപ്പം മലബാർ ദേവസ്വം ബോർഡിന്റെ ഭരണസംവിധാനത്തിന് ഇന്നുള്ള ഏരിയ കമ്മിറ്റിയിലുള്ള സംവിധാനങ്ങളുമെല്ലാം തിരുവിതാംകൂർ ദേവസ്വം ബോർഡും മലബാർ ദേവസ്വം ബോർഡും കൊച്ചിൻ ദേവസ്വം ബോർഡിൽ നിന്നും തികച്ചും വ്യത്യസ്തമാണ്. തിരുവിതാംകൂർ ദേവസ്വം ബോർഡ് എല്ലാം നേരിട്ട് ബോർഡിന് കൊടുക്കുകയാണ് ചെയ്യുന്നത്. മറ്റുള്ളവയെല്ലാം ഏരിയ കമ്മിറ്റികളാണ്. അതുകൊണ്ട് മലബാർ ദേവസ്വം ബോർഡ് ബിൽ കൊണ്ടുവരാൻവേണ്ടി ഇപ്പോൾ വകുപ്പ് ഡ്രാഫ്റ്റ് ചെയ്ത്

കഴിഞ്ഞിട്ടുണ്ട്. ലാ ഡിപ്പാർട്ട്മെന്റിൽനിന്ന് അതിന്റെ പരിഗണന ലഭിച്ചാലുടൻ അത് ബില്ലായി മാറിയാൽ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ച ഈ പ്രശ്നത്തിന് പരിഹാരമാകും. മറ്റൊന്ന്, അങ്ങ് സൂചിപ്പിച്ച റെയിൽവേയുടെ കാര്യം പിന്നീട് നമുക്ക് കേന്ദ്രത്തിന്റെ ശ്രദ്ധയിൽപ്പെടുത്തി പരിഹരിക്കേണ്ട പ്രശ്നമാണ്. സംസ്ഥാന ഗവൺമെന്റിന് മാത്രമായി ചെയ്യാൻ സാധിക്കില്ലെന്ന കാര്യം കൃത്യമായി സൂചിപ്പിക്കുന്നു. പ്രധാനമായും നമുക്കിവിടെ വന്നിട്ടുള്ള ഭേദഗതി ഞാൻ ആദ്യം തന്നെ സൂചിപ്പിച്ചിരുന്നു. അതിൽ സെക്ഷൻ 9 ഭേദഗതി ഞാൻ വായിക്കാം:-

2. *Amendment of section 9*.- In the Guruvayoor Devaswom Act, 1978 (14 of 1978), [hereinafter referred to as the principal Act], for section 9, the following section shall be substituted, namely:-

"9. *Remuneration of the Chairman and members*.- The Chairman and members of the Committee shall be entitled to receive per mensem, such honoraria and sitting fees, as may be fixed by the Government from time to time, by notification published in the Official Gazette and such Chairman and members shall also be entitled to receive such travelling allowance or daily allowances, if any, as may be prescribed"."

ഇതാണ് ഭേദഗതി ചെയ്യുന്ന പുതിയ നിയമം. ഇതുപോലെതന്നെ

സെക്ഷൻ 17 (3), 11 (1) എന്നീ ഭേദഗതികൾ നേരത്തെ ഞാൻ ഇവിടെ സൂചിപ്പിച്ചിരുന്നു. ഈ രണ്ടു സെക്ഷനിലും 5000 രൂപ എന്നത് അര ലക്ഷം രൂപയാക്കി ഭേദഗതി ചെയ്തിരിക്കുന്നു. അത് കൂടുതലാക്കി മാറ്റുന്ന രൂപത്തിലേക്കുള്ള പ്രൊപ്പോസൽ വന്നിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗം ശ്രീ. പി. പി. ചിത്തരഞ്ജൻ ഈ ബിൽ സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയയ്ക്കണമെന്നാണ് നേരത്തെ ഇവിടെ സൂചിപ്പിച്ചത്. പക്ഷെ ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കാണ് അയയ്ക്കേണ്ടത്.

ശ്രീ. തോട്ടത്തിൽ രവീന്ദ്രൻ: സർ, ഗുരുവായൂർ ദേവസ്വം ബോർഡിന് ഏകദേശം 2,500 കോടി രൂപയോളം ഡെപ്പോസിറ്റുണ്ട്. അവിടെ നിരവധി പ്രവൃത്തികൾ നടക്കുന്നുണ്ട്. ഇവിടെ ഒരു ലക്ഷം രൂപ എന്നുപറഞ്ഞത്, ശരിക്കും ഒരു കോടി രൂപയെങ്കിലും ചെലവഴിക്കാനുള്ള അനുമതി നൽകണമെന്നാണ് എന്റെ അഭിപ്രായം. ഗുരുവായൂർ ദേവസ്വം അത്രയും വലിയ ദേവസ്വമാണ്. എല്ലാത്തിനും അനുമതിക്കായി തിരുവനന്തപുരത്തേയ്ക്ക് വരുന്നതിന് ധാരാളം കാലതാമസം വരുത്തുന്നുണ്ട്. 5,000/- രൂപ എന്നുള്ളത് 1978-ലെ നിയമത്തിൽ കൊണ്ടുവന്നതാണ്. ഇന്നത്തെ കാലഗതിക്കനുസൃതമായി അത് ഒരുകോടി രൂപയെങ്കിലുമായി

വർധിപ്പിക്കണം. എന്നാൽ മാത്രമേ നിരവധി പ്രവൃത്തികൾ നടക്കുകയുള്ളൂ.

ശ്രീ. വി. എൻ. വാസവൻ: സർ, ഇപ്പോൾ നിർദേശിക്കപ്പെട്ട കാര്യങ്ങൾ നേരത്തെ സൂചിപ്പിച്ചു. ബാക്കിയുള്ളവ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് വരുമ്പോൾ അംഗങ്ങൾ നിർദേശിക്കട്ടെ. നമുക്കത് 5 ലക്ഷം രൂപയെന്നത് 50 ലക്ഷം രൂപയാക്കണമെന്ന നിർദേശം മുന്നോട്ടുവയ്ക്കാം. ഏതായാലും ഗുരുവായൂർ ദേവസ്വം ബോർഡിന്റെ മുൻ പ്രസിഡന്റാണ് സൂചിപ്പിച്ചത് എന്നുള്ളതുകൊണ്ട് സ്വാഗതാർഹമായൊരു നിർദേശമാണ്. അത് വസ്തുതാപരമാണെന്ന് ഞങ്ങൾ മനസ്സിലാക്കിയിട്ടുണ്ട്. അതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവരാൻ തീരുമാനിച്ചത്. മാത്രമല്ല, കേരളത്തിലെ എല്ലാ ദേവസ്വം ബോർഡുകളുടെയും ചെയർമാൻമാർക്ക് അല്ലെങ്കിൽ പ്രസിഡന്റുമാർക്ക് സിറ്റിങ് ഫീസും ഓണറേറിയവുമുണ്ട്. എന്നാൽ ഇവിടെമാത്രം അത് ഉണ്ടായിരുന്നില്ല. അതിനുകൂടിയുള്ള നിർദേശമാണ് ഇപ്പോൾ സമർപ്പിച്ചിട്ടുള്ളത്. ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർഥിക്കുന്നു.

ചെയർപേഴ്സൺ: ശ്രീ. പി. പി. ചിത്തരഞ്ജൻ, 2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക്

അയയ്ക്കണമെന്ന അങ്ങയുടെ 2 (ബി) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. പി. ചിത്തരഞ്ജൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

ചെയർപേഴ്സൺ: ശ്രീ. പി. പി. ചിത്തരഞ്ജൻ, അവതരിപ്പിച്ച 2 (ബി) നമ്പർ ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2025-ലെ ഗുരുവായൂർ ദേവസ്വം (ഭേദഗതി) ബിൽ ഭൂനികുതിയും ദേവസ്വവും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്ക് അയക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ...........

പ്രതികൂലിക്കുന്നവർ...........

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റി II-ന്റെ പരിഗണനയ്ക്കയയ്ക്കുന്നു.

(ii) 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ ഞാൻ അവതരിപ്പിക്കുന്നു.

ചെയർപേഴ്സൺ: ബിൽ അവതരിപ്പിച്ചിരിക്കുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി IV-ന്റെ പരിഗണയ്ക്ക് അയക്കണമെന്ന ഉപക്ഷേപം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖ-സഹകരണ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. വി. എൻ. വാസവൻ): സർ, ഞാൻ ഉപക്ഷേപത്തെ പിന്താങ്ങുന്നു.

ചെയർപേഴ്സൺ: ബഹുമാനപ്പെട്ട മന്ത്രിക്ക് സംസാരിക്കാവുന്നതാണ്.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ചെറിയ ബിൽ ആയതിനാൽ ചർച്ചയ്ക്കുശേഷം സംസാരിക്കാം.

ചെയർപേഴ്സൺ: ശ്രീ. മുഹമ്മദ് മുഹസിൻ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിച്ച് സംസാരിക്കാവുന്നതാണ്.

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഇത് വളരെ പ്രധാനപ്പെട്ടൊരു ബില്ലാണ്. 1987-ൽ കയർ തൊഴിലാളി ക്ഷേമനിധി നിയമം പാസായി.

1998-ൽ വന്ന കയർ തൊഴിലാളി ക്ഷേമനിധി (ഭേദഗതി) നിയമം വഴി കയർ ഉല്പന്നങ്ങൾ വ്യാപാരികളിൽനിന്നും അംശാദായം പിരക്കുന്നതിനുള്ള വ്യവസ്ഥ കൊണ്ടുവന്നു. എന്നാൽ അത് ഹൈക്കോടതി അസാധുവാക്കി, അതിനുശേഷം ക്ഷേമനിധിയുമായി ബന്ധപ്പെട്ട് വലിയ രീതിയിൽ വരുമാനം കുറയുകയും ചെയ്തു. അതുപരിഹരിക്കുന്നതിനുവേണ്ടി കയർ തൊഴിലാളി ക്ഷേമനിധി ഫണ്ടിലേക്ക് വരുമാനം വർധിപ്പിക്കുകയെന്ന ഉദ്ദേശത്തോടുകൂടി 2008-ൽ കയർ തൊഴിലാളി ക്ഷേമ സെസ്സ് നിയമം പാസാക്കിയത്. കയർ മേഖലയിലെ വ്യാപാരികളുടെ ആകെ വിറ്റുവരവിന്റെ പരമാവധി ഒരു ശതമാനം വരെ സെസ്സ് രൂപത്തിൽ പിരിച്ചെടുക്കുന്നതാണ് ഈ നിയമത്തിന്റെ മുഖ്യ വ്യവസ്ഥ. ഇതിലൂടെ ക്ഷേമനിധി ബോർഡിന്റെ വരുമാനം വർധിപ്പിച്ച്, അത് തൊഴിലാളികളുടെ ക്ഷേമത്തിനായി നേരിട്ട് ലഭ്യമാക്കുകയെന്നതാണ് പ്രധാന ഉദ്ദേശ്യം. നിലവിൽ ഇതിന്റെ അമെന്റ്മെന്റ് കൊണ്ടുവരുന്നത് കാലാനുസൃതമായിട്ടുള്ളൊരു മാറ്റം ഈ മേഖലയിൽ കൊണ്ടുവരുന്നതിനും അതോടൊപ്പം തന്നെ Ease of doing ബിസിനസ്സിന്റെ ഭാഗമായി കുറച്ചുകൂടി മെച്ചപ്പെടുത്തുന്നതിനും വ്യാപാരികളെ സംബന്ധിച്ചിടത്തോളം പിഴ ചുമത്തുന്നതിന് മുമ്പായി അവരുടെ കാര്യങ്ങൾ

ബോധിപ്പിക്കാനുള്ളൊരു അവസരം നൽകുക, പിഴ കാലാനുസൃതമായി പരിഷ്കരിക്കുക അതോടൊപ്പം ഈ കാര്യങ്ങളൊക്കെ കാര്യക്ഷമമാക്കുക അതിനുവേണ്ടി ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥൻ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ സുഗമമാക്കുന്നതിനും വേണ്ടിയാണ് ഇപ്പോൾ ഈ ഭേദഗതി അവതരിപ്പിക്കുന്നത്. ഇത് തീർച്ചയായും ഈ മേഖലയിൽ ഗുണം ചെയ്യുമെന്നാണ് ഞാൻ കരുതുന്നത്. കേരള സംസ്ഥാനത്തിന്റെ സാമ്പത്തിക സാമൂഹിക ചരിത്രത്തിൽ പരമ്പരാഗത തൊഴിലാളി സമൂഹത്തിൽ കയർ തൊഴിലാളികളെ സംബന്ധിച്ചിടത്തോളം ഏറ്റവും പ്രധാനപ്പെട്ട ഘടകമാണ് അവരുടെ ക്ഷേമവും വ്യവസായവും. ഒരു കാലത്ത് കേരളം കയറിന്റെ നാട്/Land of Coir എന്നാണ് വിളിച്ചിരുന്നത്. പത്തൊമ്പതാം നൂറ്റാണ്ട് മുതൽ നമ്മുടെ നാട് ചരിത്രപരമായി ഈ മേഖലയിൽ ഏറ്റവും മുമ്പിൽ നിന്നിരുന്നതാണ്. ലക്ഷക്കണക്കിന് തൊഴിലാളികൾ ഈ മേഖലയിലുണ്ടായിരുന്നു. കയർ മേഖലയിലെ ഭൂരിഭാഗം ആളുകളും സ്ത്രീകളാണ് എന്നത് നമുക്കറിയാം. നിരവധിയായ വെല്ലുവിളികൾ ഈ മേഖലയെ ബാധിച്ചിട്ടുണ്ടെങ്കിലും, ഗ്രാമീണ മേഖലയിലെ ഏറ്റവും പ്രധാനപ്പെട്ട വരുമാനസ്രോതസ്സായി കയർ വ്യവസായം തുടരുന്നു. അതുവഴി

അവരുടെ സ്ഥിരമായ വരുമാനം ഉറപ്പുവരുത്തുന്നതും വളരെ പ്രധാനപ്പെട്ടതാണ്. അതിനാൽ ഈ മേഖല നിലനിൽക്കേണ്ടത് അനിവാര്യമാണ്. എന്നാൽ പലതരത്തിലുള്ള പ്രശ്നങ്ങൾ ഈ മേഖലയിലുണ്ടായിട്ടുണ്ട്. കുറഞ്ഞ ശമ്പളം, സ്ഥിരം തൊഴിലില്ലായ്മ, ആരോഗ്യ പ്രശ്നങ്ങളുമായി ബന്ധപ്പെട്ട കാര്യങ്ങൾ, കൃത്യമായ തൊഴിലവസരങ്ങൾ ഇല്ലാത്തത് ഉൾപ്പെടെ പല പ്രശ്നങ്ങളും ഈ മേഖലയിൽ നിലനിൽക്കുന്നുണ്ട്. അതിനെ പരിഹരിക്കാനുള്ള വലിയ രീതിയിലുള്ള ഇടപെടലുകൾ നമ്മുടെ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. ക്ഷേമനിധി തന്നെ 76000 ത്തിലധികം വരുന്ന ആളുകൾക്ക് 1,600 രൂപ പെൻഷൻ നൽകുന്നുണ്ട്. കൂടാതെ വനിത അംഗത്തിന്റെ മകൾക്ക് വിവാഹ സഹായമായി 2,000 രൂപ, പ്രസവാനുകൂല്യം 15,000 രൂപ, അവശത അനുഭവിക്കുന്നവർക്ക് 2,500 രൂപ, അംഗത്തിന് അപകട മരണ നഷ്ടപരിഹാരമായി 10,000 രൂപ, ശവസംസ്കാരവുമായി ബന്ധപ്പെട്ട് ധനസഹായങ്ങൾ, കുട്ടികളുടെ വിദ്യാഭ്യാസത്തിന് സ്കോളർഷിപ്പുകൾ, പ്രൊഫഷണൽ കോഴ്സുകൾക്കുള്ള സഹായം തുടങ്ങി നിരവധിയായിട്ടുള്ള സഹായങ്ങൾ ക്ഷേമനിധി ബോർഡ് വഴി തന്നെ ചെയ്യുന്നുണ്ട്. ഈ കയർ വ്യവസായം പരിസ്ഥിതി സൗഹൃദമാണ്

എന്നുള്ളതുകൊണ്ട് വലിയ രീതിയിലുള്ള സാധ്യതകളിലേക്ക് കടന്നിട്ടുണ്ട്. നിലവിൽ ഗവൺമെന്റിന്റെ ഇടപെടലിന്റെ ഭാഗമായി യൂറോപ്പിലേക്കും യു.എസ്.-ലേക്കും മറ്റ് പല രാജ്യങ്ങളിലേക്കുമുള്ള കയറ്റുമതി വലിയ രീതിയിൽ നടന്നുകൊണ്ടിരിക്കുന്നുണ്ട്. ഇപ്പോഴുള്ള താരിഫുമായി ബന്ധപ്പെട്ട വിഷയങ്ങളൊക്കെ തന്നെ ഈ മേഖലയെ ബാധിക്കാനുള്ള വലിയ സാധ്യതയുണ്ട്. ബഹുമാനപ്പെട്ട മിനിസ്റ്റർ മുൻകൂട്ടി കണ്ട് അതുമായി ബന്ധപ്പെട്ടുള്ള ഇടപെടലുകളൊക്കെ നടത്തുന്നുണ്ട്. ഈ മേഖലയെ അടിമുടി പരിഷ്ക്കരിക്കുന്നതുമായി ബന്ധപ്പെട്ട് ഗവൺമെന്റ് തന്നെ 2002-ൽ ഒരു സമിതി രൂപീകരിക്കുകയും ആ സമിതിയുടെ പ്രവർത്തനങ്ങൾ വളരെ കൃത്യമായി ഈ മേഖല പഠിക്കുകയും ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ അധ്യക്ഷതയിൽ ഈ മേഖലയുമായി ബന്ധപ്പെട്ട് ട്രേഡ് യൂണിയനുകളടക്കമുള്ള എല്ലാ ആളുകളെയും വിളിച്ച് അവരുടെ നിർദേശങ്ങൾ പരിഗണിച്ചുകൊണ്ട് ഒരു വിദഗ്ധ സമിതി രൂപീകരിക്കുകയും ആ സമിതി പൂർണ്ണമായ റിപ്പോർട്ട് സമർപ്പിച്ച് അതുമായി ബന്ധപ്പെട്ട് നിരവധിയായുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുകയാണ്. 2024-25-ൽ 12 കോടിയുടെ ഉല്പന്നങ്ങൾ യു.എസ്.എ., യു.കെ, ഓസ്ട്രേലിയ, പോളണ്ട്, ഇറ്റലി, ഫ്രാൻസ്,

ബ്രസീൽ, മിഡിൽ ഈസ്റ്റ് രാജ്യങ്ങളിലേക്കായി കേരളത്തിൽനിന്ന് കയർവ്യവസായത്തിന്റെ ഭാഗമായി കയറ്റുമതി ചെയ്തിട്ടുള്ളത് നമുക്കെല്ലാവർക്കും അഭിമാനിക്കാവുന്ന കാര്യമാണ്. അതോടൊപ്പം തന്നെ മറ്റ് നിരവധി കാര്യങ്ങളുണ്ട്. സമയം കുറവായതിനാൽ അതിലേക്ക് കടക്കുന്നില്ല. ഈ മേഖല ആധുനികവൽക്കരിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ നടന്നിട്ടുണ്ട്. കയർ ഭൂവസ്ത്രം വളരെ പരിസ്ഥിതി സൗഹൃദ ഉൽപന്നമാണെന്നുള്ളതുകൊണ്ട് കേരളത്തിലെ തദ്ദേശസ്ഥാപനങ്ങൾ വഴി സംസ്ഥാനത്തുടനീളം അതിന്റെ പ്രവർത്തനങ്ങൾ നടന്നുവരുന്നു. കൂടാതെ, ഒഡീഷയിലടക്കം ഇത് കയറ്റുമതി ചെയ്യുകയും അവിടെ മൈനുകളുടെ ഭാഗമായി ഭൂവസ്ത്രവിദാനം ചെയ്യുന്നതിനുള്ള പൈലറ്റ് പ്രോജക്ട് തയ്യാറാക്കുകയും, മറ്റ് പല സംസ്ഥാനങ്ങളിലേക്കും കയറ്റുമതി ചെയ്യുന്ന കാര്യങ്ങളും പുരോഗമിച്ചുകൊണ്ടിരിക്കുന്നു. കയർ മേഖലയിൽ നമ്മുടെ ഗവൺമെന്റ് 2011-15-ൽ പ്ലാൻ ഫണ്ടിലുൾപ്പെടുത്തികൊണ്ട് 332 കോടി രൂപയാണ് ചെലവഴിച്ചിരുന്നതെങ്കിൽ 2016-20-ൽ 536 കോടി രൂപയും, 2021-25-ൽ 388 കോടി രൂപയുമാണ് ചെലവഴിച്ചിട്ടുള്ളത്. നോൺ പ്ലാൻ ഫണ്ടിനത്തിൽ 2011-15-ൽ 539 കോടി രൂപയാണെങ്കിൽ 2016-20-ൽ 894

കോടി രൂപയും, 2021-25 കാലഘട്ടത്തിൽ 461 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്. ഇതല്ലാതെ മറ്റ് പല മേഖലകളിലൂമായി ബന്ധപ്പെട്ടുകൊണ്ട് ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിനുവേണ്ടി നിരവധിയായിട്ടുള്ള ഫണ്ടുകൾ പൂൾ ചെയ്തുകൊണ്ട് ലഭ്യമാക്കാനുള്ള ശ്രമങ്ങൾ നടത്തിയിട്ടുണ്ടെന്നുള്ള കാര്യംകൂടി ഞാൻ അറിയിക്കുകയാണ്. കേന്ദ്രഗവൺമെന്റിന്റെ കീഴിലാണ് കയർ ബോർഡുള്ളത്. കേന്ദ്ര ഗവൺമെന്റ് കയർ ബോർഡിന്റെ എല്ലാതരത്തിലുള്ള സഹായങ്ങളും പലപ്പോഴും മഹാരാഷ്ട്ര, ഗുജറാത്തടക്കമുള്ള സംസ്ഥാനങ്ങൾക്ക് നൽകുമ്പോഴും കേരളത്തെ താരതമ്യേന പരിഗണിക്കാതിരിക്കുന്ന കാര്യം നമ്മുടെയൊക്കെ ശ്രദ്ധയിലുണ്ട്. ഇന്ത്യയിൽ ഏറ്റവും കൂടുതൽ കയർ കയറ്റുമതി ചെയ്യുന്ന സംസ്ഥാനങ്ങളിലൊന്ന് കേരളമാണ്. അതുകൊണ്ടുതന്നെ കേരളത്തെ പ്രത്യേകം പരിഗണിക്കുകയും ഈ മേഖലയിൽ പ്രത്യേക സഹായം കേന്ദ്ര ഗവൺമെന്റുകൂടി നൽകേണ്ടതുമാണ്. നിയമസഭയിൽ അത് ആവശ്യപ്പെടാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ മേഖലയിലാകെ ടെക്നോളജിക്കൽ അപ്ഗ്രഡേഷനുവേണ്ടിയുള്ള നിരവധി പ്രവർത്തനങ്ങൾ നമ്മുടെ ഗവൺമെന്റ് നടത്തിയിട്ടുണ്ട്. അതുപോലെ സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാംസ്

നടത്തിക്കൊണ്ടുതന്നെ, ഇപ്പോൾ ഭോപ്പാൽ കേന്ദ്രീകരിച്ചുകൊണ്ട് പ്രവർത്തിക്കുന്ന നാഷണൽ ഡിസൈൻ സ്കൂളുമായി ചേർന്നുകൊണ്ട് വലിയരീതിയിലുള്ള പ്രവർത്തനങ്ങൾ നടത്തുകയും അതിന്റെ ഫലമായി പ്രോഡക്ടുകളാകെ വൈവിധ്യവൽക്കരിക്കുകയും ചെയ്യുന്ന പ്രവർത്തനങ്ങൾ നടന്നു. ബ്രാൻഡിംഗടക്കമുള്ള പ്രവർത്തനങ്ങൾ നടന്നുകൊണ്ടിരിക്കുന്നു. വാൾമാർട്ടടക്കമുള്ള മൾട്ടിനാഷണൽ കോർപ്പറേറ്റ് കമ്പനികൾക്ക് കേരളത്തിൽനിന്നുള്ള ഉല്പന്നങ്ങൾ കൊടുക്കുകയും അത് വിതരണം ചെയ്യുകയും ചെയ്യുന്ന തരത്തിലേയ്ക്ക് പോയിട്ടുണ്ട്. ഇ-കൊമേഴ്സിൽ നമ്മുടെ ഉല്പന്നങ്ങൾ ലഭ്യമാകുന്നതരത്തിലേയ്ക്ക് പോയിട്ടുണ്ട്. ഇതെല്ലാം ഈ മേഖലയെ പുനരുജ്ജീവിപ്പിക്കുന്നതിന് നമ്മുടെ ഗവൺമെന്റ് ചെയ്ത പ്രവർത്തനങ്ങളാണ്. സാമ്പത്തികമായി ഈ വർഷംതന്നെ നടപ്പിലാക്കുന്ന കയർ റിവോൾവിംഗ് ഫണ്ട്, കയർ ഫൈബർ ബാങ്ക്, കയർത്തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി, ചെറുകിട കയർ ഉല്പാദകർക്ക് നെയ്ത്ത് തറികളുടെ അറ്റകുറ്റപണികൾ, ഗ്രാറ്റുവിറ്റിയടക്കമുള്ളതും കയർ സംഘങ്ങളെ സഹായിക്കുന്നതിനുള്ള നിരവധിയായിട്ടുള്ള പദ്ധതികളും ഈ ഗവൺമെന്റ് നടപ്പിലാക്കികൊണ്ടിരിക്കുന്നത് ഈ മേഖലയാകെ

പുനരുജ്ജീവിപ്പിക്കുന്നതിന് സഹായിക്കുന്നതാണ്. ക്ഷേമനിധി കാലാനുസൃതമായിട്ടുള്ള മാറ്റത്തിനുവേണ്ടി ഭേദഗതി ബിൽ കൂടി വരികയും ഇപ്പോൾ നിലവിൽ നടത്തുന്ന പ്രവർത്തനങ്ങളുമൊക്കെ തീർച്ചയായും ലോകത്തിന്റെ കയർ ക്യാപിറ്റലായി കേരളത്തെ വീണ്ടും അഭിമാനത്തോടുകൂടി ഉയർത്തുന്നതിനുവേണ്ടിയിട്ടുള്ള പ്രവർത്തനമായി മാറും എന്നതിൽ സംശയമില്ല. ഈ മേഖലയെ പ്രത്യേകമായി പരിഗണിച്ചുകൊണ്ടുള്ള പ്രവർത്തനങ്ങൾക്ക് തൊഴിലാളികളുടെ വരുമാനവുമായി ബന്ധപ്പെട്ട് അവരുടെ വേതനം വളരെ കുറവായിരുന്നു. അത് വർധിപ്പിക്കുന്നതിനുവേണ്ടി ഫാക്ടറി തൊഴിലാളികളുടേതാണെന്നുണ്ടെങ്കിലും അതുപോലെ സംഘങ്ങൾക്ക് അവരുടെ വരുമാനം വർധിപ്പിക്കാനുള്ള പ്രവർത്തനങ്ങളാണെങ്കിലും അതിനൊക്കെ പ്രത്യേക സഹായം ചെയ്തുകൊണ്ട് ഈ മേഖലയെ ഗവൺമെന്റ് മുന്നോട്ട് കൊണ്ടുവരികയാണ്. കേരളത്തിന്റെ കയർ വ്യവസായം നിലനിൽക്കേണ്ടത് കാലഘട്ടത്തിന്റെ ആവശ്യമാണ്. കേരളത്തിലെ പ്രകൃതിദത്തമായി കിട്ടുന്ന റാ മെറ്റീരിയലുകൾ ഏറ്റവും മികച്ച രീതിയിൽ ഉപയോഗിച്ചുകൊണ്ട് ഈ മേഖലയെ പുനരുജ്ജീവിപ്പിക്കാനുള്ള പ്രവർത്തനങ്ങൾ ഗവൺമെന്റ് നടത്തുന്നു. അതിന്

അഭിനന്ദിക്കുകയും കൂടുതൽ മെച്ചപ്പെട്ട രീതിയിൽ ഇത് മുന്നോട്ടുപോകാൻ കേന്ദ്ര ഗവൺമെന്റിന്റെ സഹായം നിർബന്ധമായും ലഭ്യമാക്കാൻ കയർ ബോർഡ് അടക്കമുള്ളവ അതിന്റെ പ്രവർത്തനങ്ങളുടെ ഭാഗമായി ഉണ്ടാകണമെന്നുകൂടി ആവശ്യപ്പെട്ടുകൊണ്ട് ഞാൻ നിർത്തുന്നു.

നിയമം, വ്യവസായം, കയർ വകുപ്പുമന്ത്രി (ശ്രീ. പി. രാജീവ്): സർ, ബഹുമാന്യനായ പട്ടാമ്പി നിയോജകമണ്ഡലം അംഗം ശ്രീ. മുഹമ്മദ് മുഹസിൻ ഈ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങളാണ് പ്രധാനമായും പ്രതിപാദിച്ചത്. അദ്ദേഹം സൂചിപ്പിച്ചതുപോലെ നിലവിലുള്ള കയർ തൊഴിലാളി ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ ഒന്നുകൂടി മെച്ചപ്പെടുത്താനുള്ള നിർദേശങ്ങളാണ് ഈ ബില്ലിനകത്തുള്ളത്. ഈ വിഷയത്തിൽ സെസ്സുമായി ബന്ധപ്പെട്ട് ഒരു കേസ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ നിലനിൽക്കുന്നതിനാൽ ചില പ്രവർത്തന ബുദ്ധിമുട്ടുകൾ നേരിടുന്നുണ്ട്. അദ്ദേഹം സൂചിപ്പിച്ചതുപോലെ അതെല്ലാം പരിഹരിച്ച് നല്ലരീതിയിൽ ഈ മേഖലയെ ശക്തിപ്പെടുത്താൻ ശ്രമിക്കുന്നുണ്ട്. പൊതുവെ പരമ്പരാഗത മേഖല പ്രതിസന്ധി നേരിടുന്ന സാഹചര്യമാണുള്ളത്. ഈ പരമ്പരാഗത മേഖലയ്ക്ക് നിരന്തരം ഗവൺമെന്റിന്റെ സപ്പോർട്ട് മാത്രം നൽകി എങ്ങനെയെങ്കിലും സംരക്ഷിച്ചു നിർത്തുകയെന്നതിനപ്പുറം, പുതിയ കാലത്തിന്റെ

വെല്ലുവിളികൾ മനസ്സിലാക്കി അവ നവീകരിച്ച്, ശക്തിപ്പെടുത്തി ആ മേഖലയിലെ തൊഴിലാളികൾക്ക് അഭിമാനകരമായി ജീവിക്കാൻ കഴിയുന്ന സാഹചര്യമുണ്ടാക്കുകയെന്ന ലക്ഷ്യത്തോടെ ഒരു വിദഗ്ദ്ധ സമിതിയെ സർക്കാർ നിയോഗിച്ചിട്ടുണ്ട്. ടി സമിതിയുടെ നിർദേശാനുസരണം കാര്യങ്ങൾ നടപ്പാക്കിക്കൊണ്ടിരിക്കുകയാണ്. നിലവിൽ കയർ കോർപ്പറേഷൻ തുടർച്ചയായി ലാഭമുണ്ടാക്കുന്ന സ്ഥാപനമായി മാറി. ഫോം മാറ്റിങ്സ്, കയർ കോർപ്പറേഷൻ, കയർഫെഡ്, കേരള അഗ്രോ മെഷിനറി കോർപ്പറേഷൻ, കയർ തൊഴിലാളി ക്ഷേമനിധി ബോർഡ്, അപ്പെക്സ് കൗൺസിൽ എന്നിങ്ങനെ ധാരാളം സ്ഥാപനങ്ങളുള്ളതിൽ ഫോം മാറ്റിങ്സും കയർ കോർപ്പറേഷനും ലയിപ്പിച്ച് ഒന്നാക്കിമാറ്റി ഭരണച്ചെലവുകൾ കുറയ്ക്കുന്നതിന് സർക്കാർ തീരുമാനമെടുത്തിരുന്നു. അതിന്റെ നടപടികൾ അവസാനഘട്ടത്തിലാണ്. 2025, സെപ്തംബർ 23-ാം തീയതി വിദഗ്ദ്ധ സമിതിയുടെ റിപ്പോർട്ടുകളുടെ തുടർച്ചയുടെ ഭാഗമായി കയർ മേഖലയിലെ തൊഴിലാളി സംഘടന പ്രതിനിധികൾ, സൊസൈറ്റി പ്രതിനിധികൾ, മാറ്റ്സ് & മാറ്റിങ്സ് തൊഴിലാളികൾ, എക്സ്പോർട്ടേഴ്സിന്റെ പ്രതിനിധികൾ, വിദഗ്ധർ തുടങ്ങിയവരെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ആലപ്പുഴയിൽ ഒരു കോൺക്ലേവ് സംഘടിപ്പിക്കുന്നുണ്ട്. അവിടെവച്ച് ആ ലയനം പൂർത്തിയാക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതുപോലെ അപ്പെക്സ്

കൗൺസിലിൽ അത്തരമൊരു സംവിധാനം ആവശ്യമില്ലെന്നും നിലവിലുള്ള സംവിധാനം മതിയെന്നും തീരുമാനിച്ച് ഭരണപരമായ ചെലവുകൾ പരമാവധി ചുരുക്കിയിട്ടുണ്ട്. കൂടാതെ റിസർച്ച് സെന്റർ നല്ലരീതിയിൽ പ്രവർത്തിക്കുന്നുമുണ്ട്.

കയർ മേഖലയിലെ ഒരു പ്രശ്നം ചകിരി കൃത്യമായി ലഭിക്കുന്നില്ലെന്നതാണ്. ചകിരി ലഭിച്ച് സംഘങ്ങൾക്ക് നൽകിക്കഴിഞ്ഞാലും അതിനാവശ്യമായ പണം കൃത്യസമയത്ത് അവർക്ക് നൽകാൻ കഴിയുന്നില്ല. ചകിരിയുടെ പ്രശ്നം എങ്ങനെ പരിഹരിക്കാമെന്ന വിദഗ്ധ സമിതിയുടെ റിപ്പോർട്ടുകൂടി പരിഗണിച്ചുകൊണ്ട് കോട്ടൺ ബോർഡ് ആരംഭിച്ചു. നിലവിൽ അത് വിജയകരമായി പ്രവർത്തിക്കുന്നുണ്ട്. ടെക്സ്റ്റൈൽ മേഖലയിൽ നഷ്ടം കുറയ്ക്കുന്നതിനും തനത് ലാഭത്തിലേയ്ക്ക് കൊണ്ടുവരുന്നതിനും കോട്ടൺ ബോർഡിന് കഴിഞ്ഞിട്ടുണ്ട്. കോട്ടൺ ബോർഡിൽ കോട്ടൺ വാങ്ങാൻ തീരുമാനിക്കുമ്പോൾ, ഗവൺമെന്റ് ഫണ്ട് അനുവദിച്ചുവരുന്നതിനുള്ള കാലതാമസം നേരിട്ടാൽ കോട്ടന്റെ വില വല്ലാതെ കൂടുകയും സീസൺ മാറുകയും ചെയ്തിട്ടുണ്ടാകും. അതിനുപകരം സീസണിൽ കുറഞ്ഞ വിലയിൽ ഗുണമേന്മയുള്ള പരുത്തി സംഭരിക്കാൻ കഴിയുന്ന തരത്തിൽ ഫണ്ടുണ്ടാകേണ്ടതുണ്ട്. അതിനായാണ് കോട്ടൺ ബോർഡ് രൂപീകരിച്ചത്. നിലവിൽ കോട്ടൺ സംഭരിക്കാൻ കഴിയുന്നതിലൂടെ ഉല്പാദന ചെലവ് കുറയ്ക്കുന്നതിന് സഹായകമാവുകയും ചെയ്യും.

അതുപോലെ കയർ ഫൈബർ ബാങ്ക് രൂപീകരിക്കാനും തീരുമാനിച്ചിട്ടുണ്ട്. ആവശ്യമായ ചകിരി എത്രവേണമെന്ന് മനസ്സിലാക്കി ആറുമാസം കൂടുമ്പോൾ ടെണ്ടർ വിളിക്കുകയും അതിനാവശ്യമായ ഫണ്ടിന് അഞ്ച് കോടി രൂപയുടെ ഭരണാനുമതി ഗവൺമെന്റ് നൽകുകയും ഒന്നേകാൽ കോടി രൂപ നിലവിൽ അനുവദിച്ചിട്ടുമുണ്ട്. ഇതുമായി ബന്ധപ്പെട്ട് ടെണ്ടർ വിളിച്ച് ചകിരി സംഭരിക്കുമ്പോൾ കേരളത്തിൽ നിന്നുള്ള ചകിരി പൂർണ്ണമായും കൃത്യസമയത്ത് വിലകൊടുത്ത് സംഭരിക്കാൻ കഴിയും. അത് സംഭരിച്ച് സൊസൈറ്റികൾക്ക് നൽകാൻ കഴിഞ്ഞാൽ ഉല്പാദന മേഖലയിൽ നല്ല മാറ്റമുണ്ടാകും. ചകിരി സംഘങ്ങൾക്ക് നൽകുകയും അവർ അത് കയറാക്കി മാറ്റി തിരികെ കയർ ഫെഡിന് നൽകുകയും ചെയ്യുന്നു. കയർ ഫെഡ് ഈ പണം അവരുടെ കൈയിൽ കിട്ടി അത് സൊസൈറ്റിയ്ക്ക് കൊടുക്കുന്നതിന് കാലതാമസമുണ്ടാകുന്നതും ഉല്പാദന മേഖലയിൽ വരുന്ന ഒരു പ്രശ്നമാണ്. അങ്ങനെ സമയമെടുക്കുന്നതുകൊണ്ട് പിന്നീട് അവർക്ക് ജോലിയില്ലാതാകും. സൊസൈറ്റിക്ക് വർക്കിങ് ക്യാപിറ്റൽ മറ്റൊരു രീതിയിൽ കണ്ടെത്തുന്നതിനുള്ള സാധ്യതയും കാണില്ല. അത് കണ്ടെത്തുന്നതിന് പുതിയൊരു പദ്ധതിയായി റിവോൾവിങ് ഫണ്ട് രൂപീകരിക്കാൻ ഗവൺമെന്റ് തീരുമാനിച്ചു. കയർ നൽകുമ്പോൾതന്നെ സംഘങ്ങൾക്ക് റിവോൾവിങ് ഫണ്ടിൽനിന്ന് പണം നൽകണം.

ഗവൺമെന്റിൽനിന്നും ഫണ്ട് ലഭിക്കുമ്പോൾ തിരിച്ച് ഈ ഫണ്ടിലേയ്ക്ക് നിക്ഷേപിക്കണം. അങ്ങനെ വരുമ്പോൾ കൃത്യസമയത്ത് സംഘങ്ങൾക്ക് ഫണ്ട് നൽകാൻ കഴിയും. അങ്ങനെ കഴിഞ്ഞാൽ സംഘങ്ങൾക്ക് അടുത്തഘട്ടത്തിൽ കയർ പിരിക്കുന്നതിലേയ്ക്കും തൊഴിലാളികൾക്ക് തൊഴിൽ ഉറപ്പുവരുത്താനും കഴിയും. ഈ രണ്ട് സ്കീമുകളും പുതുതായി ഗവൺമെന്റ് നടപ്പിലാക്കിയിട്ടുണ്ട്. പ്രസ്തുത സ്കീമുകൾ ഈ മേഖലയിൽ വളരെ സഹായകരമാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

നേരത്തെ പറഞ്ഞതുപോലെ, ഈ മേഖലയിൽ പുതിയ ഉൽപ്പന്നങ്ങൾ/വൈവിധ്യവൽക്കരണം ആവശ്യമാണ്. അതിന് നാഷണൽ ഡിസൈൻ ഇൻസ്റ്റിറ്റ്യൂട്ടുമായി ചേർന്ന് തൊഴിലാളികൾ, സൊസൈറ്റി പ്രതിനിധികൾ, ട്രേഡ് യൂണിയൻ നേതാക്കൾ, എക്സ്പോർട്ടേഴ്സ് എന്നിവരെയും പങ്കെടുപ്പിച്ചുകൊണ്ട് ഒരു മൊഡ്യൂൾ തയ്യാറാക്കിയിരുന്നു. അതിന്റെ അടിസ്ഥാനത്തിൽ തൊഴിലാളിക്ക് ദിവസം 600/- രൂപ നിരക്കിൽ ബാച്ച് ബാച്ചായി പരിശീലനം നൽകുകയുണ്ടായി. ആ പരിശീലനം നൽകിയ ആളുകളെ ഉൾപ്പെടുത്തി സ്റ്റാർട്ടപ്പ് രൂപീകരിക്കുകയും അവർക്കാവശ്യമായ സാമ്പത്തിക പിന്തുണ നൽകുകയും ചെയ്തു. അവർ നിർമ്മിക്കുന്ന ഉൽപ്പന്നങ്ങൾക്ക് അവിടെവച്ചുതന്നെ അഡ്വാൻസായി ഓർഡർ നൽകുകയും ചെയ്തു. ആ

ഉൽപ്പന്നങ്ങൾ വിപണിയിൽ നന്നായി കൊണ്ടുപോകാൻ കഴിയുന്നുണ്ട്. ഇതുകൂടാതെ കയർ ഉൽപ്പന്നങ്ങൾ Walmart, Amazon, Flipkart പോലുള്ള e-commerce പ്ലാറ്റ്ഫോമിലൂടെയും വിൽക്കുന്നുണ്ട്. തിരുവനന്തപുരം ലുലുമാളിൽ കയർ കോർപ്പറേഷന്റെ ഒരു ചെറിയ ഷോപ്പ് തുടങ്ങിയപ്പോൾ ചില ആശങ്കകൾ ഉണ്ടായിരുന്നു. എന്നാൽ ഒറ്റ ദിവസംകൊണ്ടുതന്നെ വലിയ വില്പനനടന്നു. ഏകദേശം അറുപത് അറുപത്തിയഞ്ച് ലക്ഷം രൂപയുടെ വില്പന രണ്ടുമൂന്നാഴ്ചകൊണ്ട് നടന്നു. ബഹുമാന്യനായ അംഗം ചൂണ്ടിക്കാണിച്ചതുപോലെ ഉൽപ്പന്നങ്ങളുടെ ഭൂവസ്ത്രത്തിൽ നല്ല മാറ്റമുണ്ടാക്കാൻ കഴിഞ്ഞു. കയർപിരി തൊഴിലാളികളുടെ കൂലി നിലവിൽ വർധിപ്പിച്ചിട്ടുണ്ട്. കേരളത്തിൽ തൊഴിലാളികൾ കയർ പിരിക്കുന്നത് മെഷീൻ ഉപയോഗിച്ച് 30-40 അല്ലെങ്കിൽ റണ്ണേജ് മാറുന്നതിനനുസരിച്ച് 50-60 കിലോ വരെ പരമാവധി പിരിക്കാൻ കഴിയുന്നുവെങ്കിൽ പുതിയ മെഷീൻ ഉപയോഗിച്ച് 180-200 കിലോയാണ് തമിഴ്നാട്ടിൽ പിരിക്കുന്നത്. അത് ക്ലസ്റ്റർ സംവിധാനം ഉപയോഗിച്ചാണ്. പരീക്ഷണാർത്ഥം ആലപ്പുഴയിൽ ക്ലസ്റ്റർ സംവിധാനം ആരംഭിച്ചപ്പോൾ ഒരു തൊഴിലാളിക്ക് രണ്ട് മെഷീൻ കൈകാര്യം ചെയ്യാൻ കഴിയുന്നുണ്ട്. അതിലൂടെ ഏകദേശം നൂറു കിലോയോളം കയർ ഒരു ദിവസം പിരിക്കാൻ കഴിയുന്നുണ്ട്. അങ്ങനെ അളവ് കൂടുമ്പോൾ തൊഴിലാളിക്ക് ലഭിക്കുന്ന വേതനത്തിനും ആനുപാതികമായ വർധനവുണ്ടാകും. നിലവിൽ ക്ലസ്റ്റർ

സംവിധാനം വ്യാപകമാക്കാനാണ് സർക്കാർ ശ്രമിക്കുന്നത്. നിലവിൽ കേന്ദ്ര ക്ലസ്റ്റർ സംവിധാനത്തിനുകീഴിൽ നമ്മുടെ സ്റ്റേറ്റ് വിഹിതമായി മുപ്പത്തിയഞ്ച് ലക്ഷത്തോളം രൂപ അനുവദിച്ചിട്ടുണ്ട്. അത് കേന്ദ്രം അനുവദിച്ച് നൽകുകയാണെങ്കിൽ ഏകദേശം നൂറിലധികം മെഷീനുകൾ ഒരേസമയം പ്രവർത്തിപ്പിക്കാൻ കഴിയും. പഴയ രീതിയിൽനിന്നും മാറി കേന്ദ്രീകൃതമായ ക്ലസ്റ്റർ സംവിധാനത്തിലൂടെ ആലപ്പുഴയിൽ കുറേക്കൂടി തൊഴിലസവരങ്ങൾ സൃഷ്ടിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ഇതുകൂടാതെ കയർ തൊഴിലാളികൾക്ക് ഇൻഷ്വറൻസ് പദ്ധതി ഗവൺമെന്റ് നടപ്പാക്കിയിട്ടുണ്ട്. ആയിരം ഗുണഭോക്താക്കളെ ഉൾപ്പെടുത്തിയാണിത് നടപ്പാക്കിയത്. സർക്കാരാണ് ടി പദ്ധതിക്ക് പ്രീമിയം അടയ്ക്കുന്നത്. അതിനാവശ്യമായ ടെണ്ടർ നടപടികൾ പൂർത്തീകരിച്ചശേഷം പുതിയ സ്കീമായി അത് നടപ്പാക്കും.

ചെറുകിട കയർ ഉൽപാദകരുടെ തറികൾ കേടാകുമ്പോൾ അത് നന്നാക്കി വീണ്ടും നെയ്ത്തിലേയ്ക്ക് പോകാൻ സാമ്പത്തിക ബുദ്ധിമുട്ടുമൂലം തൊഴിലാളികൾക്ക് കഴിയാതെ വരുന്നു. അതിനുവേണ്ടി പ്രത്യകമായ ഒരു സ്കീം നടപ്പിലാക്കുകയും അതിനാവശ്യമായ ഫണ്ടായി ഒരുകോടി മുപ്പത്തിയഞ്ച് ലക്ഷം രൂപ സർക്കാർ അനുവദിച്ചിട്ടുമുണ്ട്. ചെലവാകുന്നതിന്റെ അമ്പത് ശതമാനം അല്ലെങ്കിൽ

പതിനയ്യായിരം രൂപ ഒരു തറിക്ക് നൽകും. ഇതിനുവേണ്ടി നാലരലക്ഷം രൂപ ഇതിനകം വിതരണം ചെയ്തിട്ടുണ്ട്. ഇതുകൂടാതെ ചില പ്രതിസന്ധികൾമൂലം സൊസൈറ്റിയിൽ പ്രവർത്തിക്കുന്നവർക്ക് ഗ്രാറ്റുവിറ്റി നൽകാൻ കഴിയാത്ത സാഹചര്യമുണ്ട്. ഗ്രാറ്റുവിറ്റി നൽകേണ്ടത് സൊസൈറ്റിയുടെ ഉത്തരവാദിത്വമാണെങ്കിലും സാമ്പത്തിക ബുദ്ധിമുട്ട് കാരണം അത് നൽകാൻ കഴിയാതെ വരുന്നതുകൊണ്ട് വിരമിച്ചു കഴിഞ്ഞാൽ അവരുടെ ഗ്രാറ്റുവിറ്റിയുടെ അമ്പത് ശതമാനം അല്ലെങ്കിൽ പരമാവധി ഒരുലക്ഷം രൂപ ഏതാണോ കുറവ് അത് നൽകാൻ സർക്കാർ തീരുമാനിച്ചു. അതിനുവേണ്ടി രണ്ടുകോടി രൂപ ഈ സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. അതിൽ ഒമ്പത് പ്രോജക്ട് ഓഫീസുകളിലെ ശിപാർശ പ്രകാരം സംഘങ്ങളിൽനിന്നും വിരമിച്ച ജീവനക്കാർക്ക് ഗ്രാറ്റുവിറ്റി കുടിശ്ശികയുടെ ഭാഗമായി 67,66,549/- രൂപ വിതരണം ചെയ്യാനും തീരുമാനിച്ചു. ഇതെല്ലാം പുതിയ പദ്ധതിയാണ്. ഈ മേഖലയിൽ നിലനിൽക്കുന്ന പ്രതിസന്ധി മനസ്സിലാക്കിയാണ് ഗവൺമെന്റ് ഇത്തരം പദ്ധതികൾ നടപ്പിലാക്കുന്നത്.

ക്ലസ്റ്റർ വികസന പദ്ധതി നേരത്തെ സൂചിപ്പിച്ചു. ഇതുകൂടാതെ പ്രവർത്തന മൂലധനം നേരിടുന്ന സംഘങ്ങൾക്ക് നാലുകോടി മുപ്പത്തിനാല് ലക്ഷം രൂപ പ്രവർത്തന മൂലധനമായി അനുവദിച്ചിട്ടുണ്ട്. സൊസൈറ്റികളുടെ മാനേജീരിയൽ

സബ്സിഡിയായി ഒരു കോടി ഒമ്പത് ലക്ഷം രൂപ വിതരണം ചെയ്തിട്ടുണ്ട്. പി.എം.എ.വൈ. 154 സംഘങ്ങൾക്ക് മൂന്നേകാൽ കോടി രൂപ വിതരണം ചെയ്തിട്ടുണ്ട്. മറ്റൊന്ന് മാർക്കറ്റ് ഡെവലെപ്മെന്റ് അസിസ്റ്റന്റിനെ സംബന്ധിച്ചാണ്. യൂണിയൻ ഗവൺമെന്റിന്റെ സമീപനം ഈ മേഖലയോട് അങ്ങേയറ്റം നിഷേധാത്മകമാണ്. കയർ ബോർഡിന് കേരളത്തിൽ നേരത്തെ നല്ല വില്പനയുണ്ടായിരുന്നു. ഞാൻ പാർലമെന്റ് അംഗമായിരുന്ന ഘട്ടത്തിൽ ആറുവർഷം പ്രസ്തുത ബോർഡിന്റെ അംഗമായി പ്രവർത്തിക്കാൻ എനിക്ക് അവസരം ലഭിച്ചിട്ടുണ്ട്. അന്നെല്ലാം കേരളത്തിലെ ഗവൺമെന്റ് പ്രതിനിധികളുണ്ടാകും. കേരളത്തിൽനിന്നായിരിക്കും മിക്കവാറും ചെയർമാൻമാർ വരുന്നതും. അക്കാലത്ത് നല്ല രീതിയിലുള്ള സഹായം കേരളത്തിന് കിട്ടിയിരുന്നുവെങ്കിൽ ഇപ്പോൾ കേരളത്തിന് കയർ ബോർഡിന്റെ ഭാഗത്തുനിന്നും പരിഗണന ലഭിക്കുന്നില്ലെന്നത് ബഹുമാന്യനായ അംഗം സൂചിപ്പിച്ചത് വളരെ ശരിയാണ്. ഇതുകൂടാതെ ഒരു കേന്ദ്ര പദ്ധതിയാണ് മാർക്കറ്റ് ഡെവലെപ്മെന്റ് അസിസ്റ്റന്റ്. നമ്മുടെ ഷെയർ അനുവദിച്ചിട്ടും യൂണിയൻ ഗവൺമെന്റ് ഫണ്ട് നൽകാത്തതുകൊണ്ട് അത് വിതരണം ചെയ്യാൻ കഴിയാതെ പ്രതിസന്ധിയിലാണ്. വൈദ്യുത സബ്സിഡി ഗവൺമെന്റ് വിതരണം ചെയ്യുന്നുണ്ട്. ക്രയവിക്രയ സ്ഥിരത ഫണ്ട് ഗവൺമെന്റ് നൽകുന്നുണ്ട്.

ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ വഴി ഈ മേഖലയെ ശക്തിപ്പെടുത്തുന്നതിനാണ് സർക്കാർ ശ്രമിക്കുന്നത്.

മെഷീനറി കോർപ്പറേഷൻ ആരംഭിച്ചപ്പോൾ വലിയ പരാതി ഉയർന്നിരുന്നു. മെഷീനുകൾക്ക് കൃത്യമായ ഉൽപാദനമുണ്ടാകുന്നില്ലെന്നും പ്രൊഡക്റ്റിവിറ്റി കുറവാണെന്നും മെയിന്റനൻസിന് ആളുകൾ വരുന്നില്ലെന്നുമുള്ള പരാതികൾ ഉയർന്നിരുന്നു. നിലവിൽ മെയിന്റനൻസിന്റെ ഉത്തരവാദിത്വംകൂടി ഗവൺമെന്റ് ഏറ്റെടുക്കുകയും അവർക്കാവശ്യമായ ഒരുകോടി രൂപ അനുവദിക്കുകയും ചെയ്തിരുന്നു. 140 റണ്ണേജുള്ള കയറാണെങ്കിൽ 50 കിലോ വരെ ഒരു ദിവസം പിരിക്കാൻ കഴിയാവുന്ന രൂപത്തിലേയ്ക്ക് മാറ്റി. ബഹുമാനപ്പെട്ട അംഗം ശ്രീമതി ആശ മെമ്പറുടെ മേഖലയിലുള്ള വൈക്കം കയറാണിത്. ഈ കയറിന് 160 റണ്ണേജുണ്ടെങ്കിൽ 50-65 കിലോ വരെ പിരിക്കാവുന്ന രൂപത്തിലേയ്ക്ക് അറ്റകുറ്റപ്പണികൾക്കുശേഷം മാറ്റം വന്നിട്ടുണ്ട്. ഇങ്ങനെയുള്ള പരിപാടികളിലൂടെ ആ മേഖലയെ ശക്തിപ്പെടുത്താനാണ് സർക്കാർ ശ്രമിക്കുന്നത്. ബഹുമാന്യനായ അംഗം സൂചിപ്പിച്ചതുപോലെ നമ്മൾ ഒരു സമിതിയെ നിയോഗിച്ചിരുന്നു. മദ്രാസ് ഐ.ഐ.ടി.-യിൽ നിന്നുള്ള ഡോ. ശങ്കർ കൃഷ്ണപിള്ളയുടെ നേതൃത്വത്തിലുള്ള സമിതിയുടെ റിപ്പോർട്ടിലെ കുറേയേറെ കാര്യങ്ങൾ നടപ്പാക്കാൻ കഴിഞ്ഞു. ഈ കോൺക്ലേവിൽ മറ്റു കാര്യങ്ങൾകൂടി ചർച്ച ചെയ്യും. ഞങ്ങൾ അധികാരത്തിൽ

വരുമ്പോൾ കയർ മേഖലയിൽ കുറേ സംഭരണം നടന്നിട്ടുണ്ടെങ്കിലും അതിന്റെ വിപണനം നടന്നിരുന്നില്ല. യഥാർഥത്തിൽ കയർഫെഡിന് 24 വാടക ഗോഡൗണുകളുണ്ടായിരുന്നു. വാങ്ങിയ കയറുകൾ ഗോഡൗണുകൾ നിറഞ്ഞാൽ അടുത്ത ഗോഡൗൺ വാങ്ങിക്കും. കാരണം കയർ സംഭരിക്കാതിരിക്കാൻ കഴിയില്ല. ആളുകളുടെ സമ്മർദ്ദമുണ്ടാകും. അങ്ങനെ 24 ഗോഡൗണുകൾ കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. അതിൽ 22 ഗോഡൗണുകളും നമുക്ക് വിറ്റഴിച്ച് ക്ലിയർ ചെയ്യാൻ കഴിഞ്ഞു. കയർ കോർപ്പറേഷന്റെ 7 ഗോഡൗണുകളിലും ഉല്പന്നം കെട്ടിക്കിടക്കുന്നുണ്ടായിരുന്നു. 5 ഗോഡൗണുകളിലെ ഉല്പന്നവും നമുക്ക് വിറ്റഴിക്കാൻ കഴിഞ്ഞിട്ടുണ്ട്. കയറ്റുമതിയെക്കുറിച്ച് ബഹുമാന്യനായ അംഗം നേരത്തെ സൂചിപ്പിക്കുകയുണ്ടായി. നാലുലക്ഷം, മൂന്നുലക്ഷം, അഞ്ച് ലക്ഷം എന്നൊക്കെ പ്രസംഗത്തിൽ പറയുന്നുണ്ടെങ്കിലും കയർ സെൻസസ് പ്രകാരം 20783 തൊഴിലാളികളാണ് നിലവിലുള്ളത്. ആധാർ ഏർപ്പെടുത്തുന്നതിന് മുമ്പ് നാൽപ്പതിനായിരത്തോളം തൊഴിലാളികളുണ്ടായിരുന്നെങ്കിലും ആധാർ ലിങ്ക് ചെയ്തപ്പോൾ 20783 പേരുമാത്രമായി. ഇതിൽ 14061 പേരാണ് കയർപിരി തൊഴിലാളികൾ. ഇൻകം സപ്പോർട്ട് നൽകുന്ന 14061 തൊഴിലാളികൾ മാത്രമേ കാലങ്ങളായി

കേരളത്തിലുള്ളൂ. അതുകൊണ്ട് ആ മേഖലയിലുള്ളവരെ സംരക്ഷിക്കാനും പുതിയ തലമുറയെ എങ്ങനെ ആകർഷിക്കാനും കഴിയുമെന്നാണ് ഈ ക്ലസ്റ്റർ സംവിധാനത്തിലൂടെ സർക്കാർ ശ്രമിക്കുന്നത്. ഇപ്പോൾ നടപ്പിലാക്കുന്നത് ക്ഷേമനിധി ബോർഡിന്റെ പ്രവർത്തനങ്ങൾ സംബന്ധിച്ചാണ്. ക്ഷേമനിധി ബോർഡിന്റെ സ്ഥിതി നോക്കിക്കഴിഞ്ഞാൽ, ഒരു കോടി എഴുപത് ലക്ഷത്തോളം തൊഴിലാളികൾക്ക് ഗവൺമെന്റ് നേരിട്ട് നൽകുന്ന ആനുകൂല്യങ്ങൾ നോക്കുകയാണെങ്കിൽ കുറേക്കൂടി മെച്ചപ്പെടുത്തേണ്ട സ്വഭാവത്തിലുള്ള ആനുകൂല്യങ്ങൾ തന്നെയാണുള്ളത്. ആനുകൂല്യ പെൻഷൻ, മെമ്പർ പെൻഷൻ, കുടുംബ പെൻഷൻ, വിരമിക്കൽ ആനുകൂല്യം, വിവാഹ ധനസഹായം, പ്രസവാനുകൂല്യം, ചികിത്സാ ധനസഹായം, ശാരീരിക അവശതയുള്ള പ്രത്യേക സഹായം, അപകടമരണ സഹായം, ശവസംസ്കാര ധനസഹായം, വിദ്യാഭ്യാസ സഹായം, കയർ തൊഴിലാളി വൃദ്ധസദനം തുടങ്ങി വിവിധ സഹായ പദ്ധതികളുണ്ട്. ഇവ കുറച്ചുകൂടി മെച്ചപ്പെടുത്തേണ്ടതുണ്ടെന്ന് ഇവിടെ ബഹുമാന്യനായ ശ്രീ. പി. പി. ചിത്തരഞ്ജനിലൂടെ ട്രേഡ് യൂണിയനുകൾ ആവശ്യപ്പെട്ടിട്ടുണ്ട്. ആ കാര്യം ചർച്ച ചെയ്യാവുന്നതാണ്. എന്നാൽ നാം കാണേണ്ടത്, ഒരുകോടി

എഴുപത്തിയെട്ട് ലക്ഷം രൂപ സർക്കാർ വിതരണം ചെയ്യുമ്പോൾ നാലുകോടി പത്ത് ലക്ഷം രൂപയുടെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസുണ്ടാകുന്നുണ്ട്. ഒരുഘട്ടം കഴിയുമ്പോൾ, പല ക്ഷേമനിധി ബോർഡുകളും ബോർഡുകളുടെ പ്രവർത്തനങ്ങൾ കേന്ദ്രീകരിക്കേണ്ടിവരും. തൊഴിലാളികൾക്ക് നൽകേണ്ട ആനുകൂല്യം എന്നുള്ളതിനേക്കാൾ രണ്ടോ മൂന്നോ ഇരട്ടി അഡ്മിനിസ്ട്രേറ്റീവ് എക്സ്പെൻസ് വരുന്നത് കണക്കിലെടുത്തുകൊണ്ട് ആ ചെലവ് ചുരുക്കുന്നതിനാവശ്യമായ കർക്കശമായ സമീപനം സ്വീകരിക്കുകയുണ്ടായി. തൊഴിലാളികൾക്ക് ആനുപാതികമായ ഉദ്യോഗസ്ഥർ മതി എന്നതുൾപ്പെടെയുള്ള തീരുമാനങ്ങൾ എടുക്കുകയുണ്ടായി. കുറേക്കൂടി കർക്കശമായ ഇടപെടലുകൾ ഇത്തരത്തിലുള്ള മേഖലയിൽ ആവശ്യമാണെന്നാണ് സർക്കാർ കരുതുന്നത്. ഈ ക്ഷേമനിധിയുടെ സെസ്സ് പിരിക്കുന്നതിൽ ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ കേസ് നിലനിൽക്കുന്ന ഘട്ടത്തിൽ കമ്പനികളും തൊഴിലാളി സംഘടനകളുമായി ചേർന്ന് ഒരു Out of Court സെറ്റിൽമെന്റിനും സർക്കാർ ശ്രമിക്കുന്നുണ്ടെന്നാണ് സൂചിപ്പിക്കുന്നത്. ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന ഉപക്ഷേപം പാസ്സാക്കിത്തരണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. മുഹമ്മദ് മുഹസിൻ, 2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി സർക്കുലേറ്റ് ചെയ്യണമെന്ന് അങ്ങയുടെ 1 (എ) നമ്പർ ഭേദഗതി പ്രസ് ചെയ്യുന്നുണ്ടോ?

ശ്രീ. മുഹമ്മദ് മുഹസിൻ: സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: സഭയുടെ അനുമതിയോടെ ഭേദഗതി പിൻവലിച്ചിരിക്കുന്നു.

2025-ലെ കേരള കയർ തൊഴിലാളി ക്ഷേമ സെസ്സ് (ഭേദഗതി) ബിൽ വ്യവസായവും ധാതുക്കളും സംബന്ധിച്ച സെലക്ട് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന ഉപക്ഷേപത്തെ

അനുകൂലിക്കുന്നവർ.............

പ്രതികൂലിക്കുന്നവർ............

ഉപക്ഷേപം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്റ്റ് കമ്മിറ്റി IV-ന്റെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ഓർഡർ....ഓർഡർ.... സഭ ഇപ്പോൾ പിരിയുന്നതും സെപ്റ്റംബർ 18-ാം

തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2025 സെപ്റ്റംബർ 18-ാം തീയതി വ്യാഴാഴ്ച രാവിലെ 9.00 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ ഉച്ചയ്ക്കുശേഷം 03.33-ന് പിരിഞ്ഞു.)

******